# ഒന്നാംപാദവാർഷിക മൂല്യനിർണയം 2016

## മലയാളം - II

## (അടിസ്ഥാനപാഠാവലി)

സ്റ്റാന്റേർഡ്: VIII

സമയം: 1½ മണിക്കൂർ
സ്കോർ: 40

നിർദേശങ്ങൾ

- പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. "വീടിന്നകത്തമ്മ വന്നുദിക്കും" -ഈ വരിയിൽ പ്രകടമാകുന്ന ഭാവം?
   - നിരാശ
   - പ്രതീക്ഷ
   - അമർഷം
   - ദുഃഖം (1)

2. വാക്യശുദ്ധി വരുത്തി എഴുതുക.
   കുലയ്ക്കാറായതും കുടം വന്നതുമായ ഏതാണ്ട് അറുപതോളം ചെടികൾ ആ തോട്ടത്തിലുണ്ടായിരുന്നു. (1)

3. - ഇളംകാറ്റിൽ തെല്ലൊരു ആശ്വാസം <u>ഉണ്ടുകൊണ്ട്</u> ആ കർഷകൻ ഒരു വാഴച്ചുവട്ടിലിരുന്നു.
   - അയാൾ ചോറ് <u>ഉണ്ടുകൊണ്ട്</u> ഒരു വാഴച്ചുവട്ടിലിരുന്നു.

   അടിവരയിട്ട പ്രയോഗം വാക്യങ്ങൾക്കു നൽകുന്ന അർഥവ്യത്യാസം കണ്ടെത്തുക. (1)

4. അർഥവ്യത്യാസം വരാത്ത വിധം വാക്യങ്ങൾ ചേർത്തെഴുതുക.
   രണ്ടുമൂന്നു പരിഷ്കാരികൾ ആ കർഷകന്റെ അടുക്കൽ ചെന്നു. "നിങ്ങളുടെ പേരെന്ത്?" അവർ ആ കർഷകനോട് ചോദിച്ചു. (1)

5. 'ഒരു കീറാകാശവും ഒരുപിടി മണ്ണും മനസ്സിൽ സൂക്ഷിക്കണ'മെന്ന കഥാകാരന്റെ ഓർമ്മപ്പെടുത്തലിന്റെ പൊരുൾ എന്ത്? (2)

6. - 'അന്ത്യദിനത്തിൽ അയാൾ ഇതാ തന്റെ വിലയേറിയ കണ്ണീർത്തുള്ളികളും അതിനു നൽകുന്നു.'
   - 'ആ തണ്ടുകൾ അയാളുടെ വിരലുകളിൽ വെണ്മയുടെ ലേപനം ചേർത്തു.'

   കഥയിലെ ഈ സന്ദർഭം നൽകുന്ന രണ്ടു സൂചനകൾ എഴുതുക. (2)

7. താഴെ കൊടുത്തിരിക്കുന്നവയിൽ 'തൂത്തുവാരി' എന്ന പദം ശൈലിയായി പ്രയോഗിച്ചിരിക്കുന്ന വാക്യമേത്? വാക്യം തിരഞ്ഞെടുത്തതിന്റെ യുക്തിയെന്ത്?
   - തിണ്ണയിൽ ചിതറിക്കിടക്കുന്ന ചപ്പും കുപ്പായവും കൈച്ചുറുക്കോടുകൂടി റാഹേൽ തൂത്തുവാരി.
   - ഒളിമ്പിക്സിൽ ചൈന മെഡലുകൾ തൂത്തുവാരി. (2)

8. പ്രയോഗഭംഗി കണ്ടെത്തുക.
   "അവ ശക്തിയെരിഞ്ഞടങ്ങിയ ബാറ്ററികൾ പോലെ നിലകൊള്ളുന്നു."
   - വരിയിലെ സാദൃശ്യകല്പന വിശകലനം ചെയ്ത് സന്ദർഭത്തിന് അതു നൽകുന്ന ഭാവഭംഗി വ്യക്തമാക്കുക. (അരപ്പുറം) (4)

9. പൗലോ കൊയ്‌ലോ

ജനനം : ആഗസ്റ്റ് 24, 1947, റിയോ ഡി ജനീറോ (ബ്രസീൽ)

മേഖലകൾ : നോവൽ, നാടകം, പത്രപ്രവർത്തനം, സിനിമ

കൃതികൾ : ദി പിൽഗ്രിമേജ്, ദി ആൽകെമിസ്റ്റ്, ബ്രിഡ തുടങ്ങിയവ (ആൽകെമിസ്റ്റ് 80 ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടു).

പുരസ്കാരം : ക്രിസ്റ്റൽ അവാർഡ്

മുകളിൽ കൊടുത്ത സൂചനകൾ വികസിപ്പിച്ച് പൗലോ കൊയ്‌ലോയുടെ ലഘുജീവചരിത്രം തയാറാക്കുക. (അരപ്പുറം) (4)

10. "ആകുലചിന്തകളായിരം കുന്തങ്ങ-
ളാഴത്തിൽ കോർക്കും ശിരസ്സുനീർത്തി
തീരാപ്പകയും തിളയ്ക്കുമീ സ്നേഹവും
തീയിട്ടെരിച്ച മനസ്സുയർത്തി
ആരോടും ചേരുവാനാകാതെ, വൈദ്യുത-
വീചിപോലാപത്തായ് മാറും കാലം"

കൗമാരജീവിതത്തിന്റെ എന്തെല്ലാം സവിശേഷതകൾ ഈ വരികളിൽ നിന്നു കണ്ടെത്താം? കുറിപ്പ് തയാറാക്കുക. (അരപ്പുറം) (4)

11. "ഒരാളെ വിശ്വസിക്കുന്നതിനുമുമ്പ് അവന്റെ ചുറ്റുപാടുകൾ ശരിയായി മനസ്സിലാക്കിയിരിക്കണം-" ജ്ഞാനിയുടെ ഈ ഉപദേശത്തിന്റെ പൊരുൾ 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിക്കുക. (അരപ്പുറം) (4)

12. "എന്റെ മോളേ, നല്ലൊരു നോയ്മ്പായിരുന്നു. കഞ്ഞിവെള്ളത്തിനു പകരം സൂപ്പാണല്ലോ കുടിക്കുന്നത്" – മർക്കോസ്ചേട്ടന്റെ ഈ വാക്കുകൾ വെറും ഫലിതമാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക. (അരപ്പുറം) (4)

13. "താഴത്തെയിത്തിരി മണ്ണിൽ വിനീതയാം
പാവത്തെ, തുമ്പയെക്കണ്ടു നിൽക്കെ
വേദനിപ്പിക്കാത്തൊരമ്മതൻ നിശ്ശബ്ദ-
വേപഥുവാർന്ന മുഖം സ്മരിപ്പൂ"

- വരികളിൽ തെളിയുന്ന മാതൃഭാവത്തിന്റെ സവിശേഷതകൾ വിമർശനാത്മകമായി വിലയിരുത്തുക. (അരപ്പുറം) (4)

14.
- "കുംഭത്തിൽ നട്ടാൽ കുടത്തോളം; മീനത്തിലായാൽ എങ്കണ്ണിനോളം മാത്രം."
- "വിയർത്തൊലിച്ച് നിൽക്കുമ്പോൾ പച്ചവെള്ളം കുടിച്ചാൽ ജലദോഷത്തിന് കാരണവുമാണ്."
- "ഞാൻ കൃഷിക്കാരനല്ലേ? രോഗമുള്ളത് ഞങ്ങൾക്ക് തിരിച്ചറിയാം."

മുകളിൽ കൊടുത്ത കഥാസന്ദർഭങ്ങൾ ഉപയോഗപ്പെടുത്തി കർഷകദിനത്തിൽ 'കൃഷിയും നാട്ടറിവും' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക. (ഒരുപുറം) (6)